For Private Circulation Only

May 2020

ആഗമനാരുണൻ

Vol.67

"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ " (മർക്കൊ. 1:15)

No.5

മാനസാന്തരത്തിനുവേണ്ടിയുള്ള ക്രിസ്തുവിന്റെ അടിയന്തര സന്ദേശങ്ങൾ

By H.A.Ironside

യേശുക്രിസ്തുവിന്റെ വെളിപ്പാട് എന്ന വേദപുസ്തകത്തിലെ ഒടുവിലത്തെ പുസ്തകം വേദപുസ്തക എഴുത്തുകളെ ഏറ്റവും ഉചിതമായ നിലയിൽ പൂർത്തീകരിക്കുന്നു. വർത്തമാനകാലത്തെക്കുറിച്ചും ഭാവിയെക്കുറിച്ചും ഈ പുസ്തകം സംസാരിക്കുന്നു, ദൈവത്തിന് മനുഷ്യനുമായുള്ള ഇടപാടുകളെ സംബന്ധിച്ച് പൂർണ്ണ രൂപം ഇവിടെ വെളിപ്പെടുന്നു. നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തിനെ സംബന്ധിച്ച നിത്യമായ കാഴ്ചപ്പാടുകൾ ഈ പുസ്തകം നൽകുന്നു. തന്റെ ശക്തിയാൽ ലോകത്തിന്റെ ഭരണകൂടങ്ങൾ ദൈവത്തിനും അവിടുത്തെ പുത്രനായ ക്രിസ്തുവിനും ആയിത്തീരുന്നു. രക്ഷകന്റെ മടങ്ങി വരവിൽ മുഴങ്ങിക്കേൾക്കുന്ന ശബ്ദത്തിനുമുമ്പേ കേൾക്കുന്ന ഒടുവിലത്തെ ശബ്ദമാണ് വെളിപ്പാടുപുസ്തകം. മാനസാന്തരപ്പെടുവാനുള്ള, ക്രിസ്തുവിന്റെ അടിയന്തിര സന്ദേശങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. വസ്തുനിഷ്ടമായി പറഞ്ഞാൽ ഏഴു സഭകൾക്കുള്ള ദൂതുകളിൽ ഏഴു പ്രാവശ്യം മാനസാന്തരത്തിനുവേണ്ടി വിളിയെക്കുറിച്ച് വായിക്കാൻ കഴിയും. നാലുപ്രാവശ്യം ദൈവം മനുഷ്യനെ കൃപയിലും ന്യായവിധിയിലും സന്ദർശിച്ചു, അവർ മാനസാന്തരപ്പെട്ടില്ല ദൈവത്തെ മഹത്വപ്പെടുത്തിയതുമില്ല.

ഇന്നത്തെ പ്രയാസമേറിയ സംഭവങ്ങളെക്കുറിച്ചും വരുവാനുള്ള കാര്യങ്ങളുടെ ശരിയായ പ്രകാശനത്തിനുമായിട്ടാണ് ഇന്ന് ശുശ്രൂഷകന്മാരും വിശ്വാസികളും വെളിപ്പാടുപുസ്തകം പഠിക്കുന്നത്. ധാരാളം ആളുകൾ വിശ്വസിക്കുന്നത്, ഈ പസുത്കത്തിലെ ദൂത് യോഹന്നാന്റെ കാലഘട്ടത്തിലെ ആളുകൾക്കുവേണ്ടി മാത്രമുള്ളതല്ല പിന്നെയോ, അപ്പോസ്തോലിക കാലം മുതൽ ഭൂമിയിലെ സാക്ഷ്യം അവസാനിക്കുന്ന കാലം വരെ, സഭയുടെ എല്ലാക്കാലത്തേയ്ക്കുമുള്ള അതിശ്രേഷ്ഠമായ ദൂതുകളാണ് ഈ പുസ്തകത്തിൽ പരാമർശിക്കുന്നത്. എന്നാൽ എല്ലാവരും അത് അംഗീകരിക്കുന്നതുമില്ല.

എന്നാൽ ഒരു കാര്യം വളരെ വ്യക്തമാണ്, എല്ലാക്കാലത്തുമുള്ള സഭകളുടെ സ്വഭാവവും പ്രവർത്തിയും വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുകയാണ് ഈ പുസ്തകത്തിൽ.

ആ വഴിയിൽ നാം ചിന്തിക്കുമ്പോൾ ഒന്നാമത്തെ സഭയായ എഫെസോസ് സഭയെക്കുറിച്ച് ചിന്തിക്കുമ്പോൾ, അത് പരാജയപ്പെട്ടിരിക്കുന്നു. അത് ആദ്യസ്നേഹത്തിന്റെ പുതുമ നഷ്ടപ്പെടുത്തിയിരിക്കുന്നു. സ്മുർന്ന പീഢ അനുഭവിക്കുന്ന ഒരു സഭയാണ്. ക്രിസ്തുവിനുവേണ്ടി ക്ഷാമവും പീഢയും അനുഭവിക്കുന്നു. പെർഗ്ഗമോസ് ഒരു ലോകമയത്വമുള്ള സഭയാണ്. ഉപദേശം പറയുന്നവരാണ്, പക്ഷേ അതിനെ പ്രാവർത്തികമാക്കുന്നില്ല. തുയഥൈരയിൽ അന്ധവിശ്വാസങ്ങളും അധാർമ്മികതയും നിറഞ്ഞിരിക്കുന്നു. വളരെ ചെറിയ ഒരു കൂട്ടം അതിനെ ഓർത്ത് ദു:ഖിക്കുന്നു. എങ്കിലും ഒരു വിടുതലെടുക്കുവാൻ കഴിയുന്നില്ല. സർദ്ദിസ് പൊതുവേ തണുത്ത അവസ്ഥ, ആത്മിക ജീവിതത്തിന്റെ ചെറിയ തുടിപ്പുകൾ മാത്രം ഉടുപ്പുമനലിനമാകാത്ത ഒരു ചെറിയകൂട്ടം. കർത്താവിന്റെ നാമത്തിന്റെ അധികാരത്തെ അംഗീകരിക്കുന്നു. അവിടുത്തെ നാമത്തെ ബഹുമാനിക്കുന്നു. പരിണതഫലം എന്ന നിലയിൽ സാക്ഷ്യത്തിനായി ഒരു വാതിൽ തുറന്നിരിക്കുന്നു. ദൈവിക സത്യങ്ങളെ നിലനിർത്തുന്നു, ദൈവത്തിന്റെ വിശ്വസ്ഥത വെളിപ്പെടുന്നു. ലവോദിക്യ ശീതോഷ്ണാവസ്ഥയാണ്. അഭിപ്രായ സ്വാതന്ത്ര്യവുമുണ്ട്, ആളുകൾ വേഗതയുള്ളവരും ആത്മീക സത്യങ്ങളെ നഷ്ടപ്പെടുത്തുകയും ചെയ്യുന്നവർ. ക്രിസ്തു അവരുടെയിടയിൽ ഉണ്ട് എന്ന് അഭിമാനിക്കുന്നു, എന്നാൽ യേശു വാതിലിനു പുറത്താണ്.

ഈ എല്ലാ സഭകളോടുമുള്ള കർത്താവിന്റെ ശബ്ദം മുഴങ്ങികേൾക്കുന്നത്, "ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു" (വെളി. 2:2). സകലവും അവിടുത്തെ കണ്ണിന് നഗ്നവും മലർന്നതുമാണ്. എല്ലാ സഭകൾക്കുമുള്ള ഇടപാടുകളുടെ ക്രമം ഒരുപോലെയാണ്. ഓരോ സഭയുടെയും അവസ്ഥയ്ക്കനുസരിച്ച് കർത്താവ് തന്നെത്താൻ പരിചയപ്പെടുത്തുന്നു.

2.സഭയുടെ ശരിയായ അവസ്ഥയെ വിവേചിക്കുന്നു.

3. അവരുടെ ആവശ്യമോ അവസ്ഥയോ അനുസരിച്ച് പ്രത്യേക പ്രബോധനമോ മുന്നറിയിപ്പോ നൽകുന്നു.

4. സാഹചര്യങ്ങളെ തരണം ചെയ്യുന്നവർക്കുള്ള വാഗ്ദത്തങ്ങളും അനുസരിക്കുവാനുള്ള വിളിയും. ഏഴു സഭകളിൽ അഞ്ചു എണ്ണത്തോടും മാനസാന്തരത്തിനു വിളികാണാൻ കഴിയും. സ്മുർന്നയ്ക്കും ഫിലദൽഫിയക്കും പ്രത്യേക വാസനകളില്ല, മറ്റുള്ള അഞ്ചു സഭകളോട് എന്താണ് സംസാരിക്കുന്നത് എന്ന് പരിശോധിക്കാം.

ആദ്യ സ്നേഹത്തിന്റെ നഷ്ടം

എഫെസോസ് ശാസിക്ക

(ശേഷം 5-ാംപേജിൽ)

വില്യം കേയ്റി, ഇൻഡ്യയിലെ മിഷനറി

(ഭാഗം 1)

ആധുനിക മിഷനറി പ്രവർത്തനങ്ങളുടെ പിതാവ് എന്നാണ് വില്യം കേയ്റി അറിയപ്പെടുന്നത്. സാധാരണയായി സുവിശേഷ പ്രവർത്തകർ സ്വന്തദേശത്തോ സമീപപ്രദേശങ്ങളിലോ വേല ചെയ്ത് പ്രസിദ്ധരായിത്തീർന്ന പ്രൊട്ടസ്റ്റന്റ് സുവിശേഷകർ ധാരാളമുണ്ട്. എന്നാൽ ഭൂമിയുടെ അറ്റത്തോളം പേയി സുവിശേഷം അറിയിക്കുവാൻ കല്പനകൊടുത്ത ക്രിസ്തുവിന്റെ കല്പനയനുസരിച്ചുള്ള ദർശനം പ്രാപിച്ച ആളായിരുന്നു, വില്യം കേയ്റി. “ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ട് ” (മത്താ. 28:19, 20).

1761-ൽ പോളേഴ്സ് പ്യൂണി എന്ന ശാന്തമായ ഒരു ഇംഗ്ലീഷ് ഗ്രാമത്തിലാണ് വില്യം കേയ്റി ജനിച്ചത്. തന്റെ പിതാവ് എഡ്മണ്ട്, അമ്മയായ എലിസബത്ത് എന്നിവർ പ്രഭാതം മുതൽ പ്രദോഷം വരെ നെയ്ത്തുപണി ചെയ്ത് കുടുംബം പോറ്റിയിരുന്നവരായിരുന്നു. ഗ്രാമത്തിലുള്ള സഭയിൽ ദൈവത്തെ ആരാധിച്ചിരുന്നു, സ്വന്തമായി ഒരു ബൈബിളും അവർക്കുണ്ടായിരുന്നു. ആ കാലത്ത് സ്വന്തമായി ഒരു ബൈബിൾ ഉണ്ടായിരിക്കുക എന്നത് ശ്രമകരമായ ഒരു കാര്യമാണ്. കാരണം അത് വളരെ ചെലവേറിയ കാര്യമായിരുന്നു. പിന്നീട് വില്യംകേയ്റി ഇങ്ങനെ എഴുതിയിരുന്നു. കുട്ടിക്കാലം മുതൽ തന്നെ വേദപുസ്തകം വായിക്കുവാൻ ഞാൻ നിർബ്ബന്ധിക്കപ്പെട്ടിരുന്നു.

കുട്ടിക്കാലം

വില്യത്തിന് ആറുവയസ്സുള്ളപ്പോൾ തന്റെ പിതാവ് ഗ്രാമത്തിലുള്ള ഒരു സൗജന്യ സ്കൂളിൽ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. ചെറുപ്പത്തിൽ തന്നെ പഠിക്കുവാനുള്ള അസാമാന്യമായ കഴിവ് അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. എന്തൊക്കെ ആരംഭിച്ചിട്ടുണ്ടോ, അത് പൂർത്തീകരിച്ചിരുന്നു പ്രതിസന്ധികൾ തന്നെ തളർത്തിയില്ല. വളരുന്തോറും ജ്ഞാനം സമ്പാദിക്കാനുള്ള ആവേശം തന്നിൽ കൂടികൂടി വന്നു. നല്ല വായനാശീലം ഉണ്ടായിരുന്നു. പ്രത്യേകിച്ച് ശാസ്ത്രം, ചരിത്രം, യാത്രാവിവരണങ്ങൾ എന്നിവ 12 വയസായപ്പോഴേയ്ക്കും ഡീക്കേയുടെ ലാറ്റിൻ ഡിക്ഷണറിയിലെ വാക്കുകൾ മന:പാഠമാക്കി. തന്റെ ഹൃദയത്തിൽ തോന്നിയ കാര്യം

(ശേഷം 4-ാം പേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ നീയും നിന്റെ മക്കളും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്നതുപോലെ ഒക്കെയും അവന്റെ വാക്കു കേട്ടവുസരിച്ചാൽ നിന്റെ ദൈവമായ യഹോവ നിന്റെ സ്ഥിതി മാറ്റുകയും നിന്നോടു മനസ്സലിഞ്ഞു നിങ്കലേക്കു തിരികയും നിന്റെ ദൈവമായ യഹോവ നിന്നെ ചിതറിച്ചിരുന്ന സകല ജാതികളിൽ നിന്നും നിന്നെ കൂട്ടിച്ചേർക്കുകയും ചെയ്യും. നിനക്കുള്ളവർ ആകാശത്തിന്റെ അറുതിവരെ ചിതറിപ്പോയിരുന്നാലും നിന്റെ ദൈവമായ യഹോവ അവിടെ നിന്നു നിന്നെ കൂട്ടിച്ചേർക്കും ”

2020 ഏപ്രിൽ മാസം നമ്മെ വിട്ട് കടന്നുപോയി. മെയ് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

എല്ലായ്പ്പോഴും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ദൈവവുമായുള്ള ബന്ധത്തിലായിരിക്കുവാൻ നിങ്ങളെതന്നെ ശീലിപ്പിക്കുക. ദൈവവുമായുള്ള ആത്മ ബന്ധം നാം അറിയാതെ തന്നെ നമ്മെ രൂപാന്തരപ്പടുത്തും. എല്ലായ്പ്പോഴും ദൈവത്തിന്റെ ഇഷ്ടം ചെയ്യാൻ നാം ഒരുക്കമുള്ളവരായിരിക്കണം. എന്നാൽ ഇന്ന് യേശു സ്നേഹത്തോടെ നിങ്ങളെ അന്വേഷിച്ചു വന്നിരിക്കുന്നു. ഈ ലോകസുഖം താൽക്കാലികം മാത്രമാണ്. നിങ്ങൾ ദു:ഖത്താലും സമാധാനമില്ലാതെയും ഇരിക്കുന്നുവെങ്കിൽ നിങ്ങളുടെ ഏക മാർഗ്ഗം യേശുമാത്രമാണ്. ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു. എന്നു പറഞ്ഞ യേശുവിനെ നോക്കുക.

കഷ്ടതയും വേദനയും അന്ധകാരവും നിങ്ങളുടെ ജീവിതത്തെ നിറയ്ക്കുന്നതിനു മുമ്പ്, യേശുക്രിസ്തുവിനെ നിങ്ങളുടെ രക്ഷിതാവായി സ്വീകരിച്ച് അവനെ മുറുകെ പിടിച്ചുകൊണ്ട് ജീവിക്കുന്ന സാക്ഷികളായിത്തീരുക. അപ്പോൾ ദൈവം നിങ്ങളെ എഴുന്നേറ്റ് പ്രകാശിക്കുവാൻ സഹായിക്കും.

. മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ദൈവത്തിന്റെ വിശ്വസ്തത

By Arthur W.Pink (1886-1952)

എത്ര ശ്രേഷ്ഠമേറിയതാണ് സങ്കീർത്തനം 36:5-ാം വാക്യം “ യഹോവേ നിന്റെ ദയ ആകാശത്തോളവും നിന്റെ വിശ്വസ്തതമേഘങ്ങളോവും എത്തുന്നു ”. ദൈവത്തിന്റെ മാറ്റമില്ലാത്ത വിശ്വസ്തത, ലോകത്തിൽ മറ്റെന്തിനെക്കാൾ ഉന്നതമായിരുന്നു. ദൈവത്തെ സംബന്ധിച്ച ഏതുകാര്യവും ശ്രേഷ്ഠവും, വിശാലവും, താരതമ്യം ചെയ്യാൻ കഴിയാത്തതുമാണ്. അവിടുന്ന് ഒരിക്കലും മറക്കുന്നില്ല, പരാജയപ്പെടുന്നില്ല, മടിയോടെ സംസാരിക്കുന്നില്ല, ഉപേക്ഷയായി വിചാരിക്കുന്നില്ല. ദൈവത്തിന്റെ വാഗ്ദത്തത്തിന്റെ ഓരോ വ്യാപനവും അഥവാ അവിടുത്തെ പ്രവചനങ്ങൾ സുസ്ഥിരമാണ്. തന്റെ ഉടമ്പടികളും നിർദ്ദേശങ്ങളും കൃത്യമായി പാലിക്കപ്പെടുന്നു, “ വ്യാജം പറയുവാൻ ദൈവം മനുഷ്യനല്ല; അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല; താൻ കല്പിച്ചതു ചെയ്യാതിരിക്കുമോ ” ? താൻ അരുളിചെയ്തത് നിവർത്തിക്കാതിരിക്കുമോ? അതു കൊണ്ട് ദൈവജനം അത്ഭുതത്തോടെ പറയുന്നത്. അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ; അതുരാവിലെ തോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു” (വില്. 3:22,23).

ദൈവം സത്യം ആകുന്നു. തന്റെ വാഗ്ദത്തത്തിന്റെ വചനം നിശ്ചയം ആണ്. തന്റെ ജനത്തോടുള്ള എല്ലാ ബന്ധത്തിലും ദൈവം വിശ്വസ്തനാണ്. തലമുറകളായി തന്റെ വിശ്വസ്ത സുരക്ഷിതമായികൊമാറുന്നു. ആരും ഒരിക്കലും വ്യർത്ഥമായി ദൈവത്തിൽ ആശ്രയിക്കേണ്ടതില്ല. ആ വിലയേറിയ സത്യം വേദപുസ്തകത്തിലുടനീളം വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ആ വിശ്വസ്തത, ദിവ്യസ്വഭാവത്തിന്റെ അടിസ്ഥാനഗുണങ്ങളുടെ ഭാഗമാണ്. അത് ദൈവത്തിലുള്ള നമ്മുടെ ധൈര്യത്തിന്റെ അടിസ്ഥാനമാണ്. ദൈവത്തിന്റെ വിശ്വസ്തത എന്നത് ദൈവിക സത്യം എന്ന നിലയിൽ അത് ശാന്തമായി പ്രവർത്തിക്കുന്നു. ദൈവം നമുക്ക് അതിശ്രേഷ്ടവും വിലയേറിയതുമായ വാഗ്ദത്തങ്ങളെ തന്നിട്ടുണ്ട്. എന്നാൽ അവയുടെ നിവർത്തികളെ സംബന്ധിച്ച് നിങ്ങൾ യഥാർത്ഥമായി ചിന്തിച്ചിട്ടുണ്ടോ? അവിടുന്ന് നമ്മോട് പറഞ്ഞവയെല്ലാം തീർച്ചയായും നമുക്ക് ലഭിച്ചു എന്ന് യഥാർത്ഥമായി നാം പ്രതീക്ഷിക്കുന്നുണ്ടോ? തന്റെ വാഗ്ദത്തങ്ങളിൽ ശരിയായ ഉറപ്പ് നമുക്ക് ഉണ്ടോ? “ പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾ; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ ” (എബ്രാ. 10:23).

പരിശോധനയുടെ സമയങ്ങളിൽ

വിശ്വാസികളുടെ ജീവിതത്തിൽ പോലും, ദൈവം വിശ്വസ്തൻ എന്ന് വിശ്വസിപ്പാൻ കഴിയാത്ത വിധത്തിലുള്ള സാഹചര്യങ്ങൾ വരും. നമ്മുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നു, കണ്ണീരിനാൽ കണ്ണ് മങ്ങിപോകുന്നു, ദൈവസ്നേഹത്തിന്റെ പ്രവൃത്തിയെ കാണാൻ പോലും നമുക്കു കഴിയാതെ പോകുന്നു. നമ്മുടെ കാതുകൾ ലോകത്തിന്റെ ശബ്ദങ്ങളെ കേട്ടിട്ട് മടുത്തുപോകുന്നു, സാത്താന്റെ പദ്ധതികളിലൊന്നായ നിരീശ്വരവാദത്തിന്റെ വാക്കുകളാൽ അസഹ്യപ്പെടുന്നു, ദൈവത്തിന്റെ മധുരമായ മൃദുസ്വരം പോലും കേൾ ക്കാൻ കഴിയാതെ പോകുന്നു സന്തോഷത്തോടെ ചിന്തിച്ച പദ്ധതികൾ മുഴുവൻ തടസ്സപ്പെടുന്നു; കൂട്ടുകാരിൽ വച്ച് ആശ്രയം പരാജയപ്പെടുന്നു, നാം ആശ്രയം വച്ച് സ്വന്തം സഹോദരനോ സഹോദരിയോ നമ്മെ കൈവിടുന്നു. നാം ആടിനടക്കുന്നു. ദൈവത്തോട് വിശ്വസ്ത പുലർത്തുവാൻ അന്വേഷിച്ചു. ഒരു ഇരുണ്ട മേഘപടലം ദൈവത്തെയും നമ്മെയും തമ്മിൽ മറച്ചുകളയുന്നു. വളരെ പ്രയാസമാണത് എന്നു നാം കണ്ടു, അതെ, ജഡികമായ കാരണങ്ങളാൽ ദൈവകൃപയുടെ വാഗ്ദത്തങ്ങളെ അവകാശമാക്കുക എന്നുള്ളത് പ്രയാസമാണ്. അതെ, അലസമായ ജീവിതം, കഠിനമായി പരീക്ഷിക്കപ്പെട്ട

(ശേഷം 8-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

ക്രിസ്തു നമ്മുടെ ജീവൻ

By Henry C Spence

കർത്താവായ യേശു ക്രിസ്തു ദൈവത്തിന്റെ നിറവാണ്, ജ്ഞാനത്തിന്റെ നിറവാണ്. ശക്തിയുടെ നിറവാണ്. സ്നേഹത്തിന്റെ നിറവാണ്. അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും കൃപ മേൽ കൃപ ലഭിച്ചിരിക്കുന്നു (യോഹ. 1:16). “ അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ട് ഇരിക്കുന്നു ” (കൊലൊ. 2:3). “കർത്താവായ യേശു സ്നേഹത്തിന്റെ നിറവാണ്, പതിനായിരങ്ങളിൽ അതിശ്രേഷ്ഠനാണ്. അവിടുന്ന് ശാരോനിലെ പനിനീർപൂവാണ്. താഴ്വരയിലെ താമരയാണ്. രാജാക്കന്മാരുടെ രാജാവാണ്. കർത്താധികർത്താവാണ് ” (ഉത്തമ. 5:10,16, 2:1; വെളി. 17:14; 1തിമൊ. 6:15).

ഈ മഹത്വവാനായ രക്ഷകൻ ഓരോ വിശ്വാസിയുടെയും ജീവനാണ്. നമ്മുടെ ജീവന്റെ നിലനിൽപ് കർത്താവിലാണ്. അവനിൽ നിന്നും നാം ജീവന്റെ ജലം സൗജന്യമായി കുടിക്കുന്നു. ജീവജലം പരാജയപ്പെടുന്നില്ല. അവനിൽ നിന്നും നാം ഓരോ നിമിഷവും വെളിച്ചവും ശക്തിയും സ്നേഹവും സന്തോഷവും പ്രാപിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ വിജയം അവിടുത്തെ നാമത്തിലാണ്, കർത്താവിൽ നാം വസിക്കുന്നു എന്ന നിലയിൽ പാപത്തിന്മേൽ നമുക്ക് ജയം ലഭിക്കുന്നു. അവിടുത്തെ ജീവൻ അവിടുത്തെ ശക്തി, അവിടുത്തെ ജയം അവിടുത്തെ സന്തോഷം, അവിടുത്തെ നിറവുകൾ എല്ലാം നമുക്ക് സ്വന്തമായിത്തീരുന്നു.

ഈ കൃപയിൽ നിങ്ങൾ സന്തോഷിക്കുന്നുണ്ടോ? കർത്താവായ യേശുക്രിസ്തുവിനുമാത്രമേ നിങ്ങളെ രൂപാന്തരപ്പെടുത്താൻ കഴികയുള്ളൂ, നിങ്ങളുടെ ആത്മാക്കളെ തൃപ്തിപ്പെടുത്താൻ കഴിയുകയുള്ളൂ. പുതിയ ജീവിത സൃഷ്ടിയുടെ കേന്ദ്രമാണ് സർവ്വ അനുഗ്രഹങ്ങളുടെയും ഉറവിടം.

ഇത് ഒരു ഉപദേശമല്ല, ഒരു വിശ്വാസപ്രമാണമല്ല, ഒരു സഭയല്ല, പാടുന്ന പാട്ടല്ല, പ്രസംഗങ്ങളെ ശ്രദ്ധിക്കുന്നതുമല്ല. എന്നാൽ ഇതെല്ലാം പൂർണ്ണമായി അങ്ങനെ ആയിരിക്കാം, എന്നാൽ അവയല്ല കർത്താവ് . കർത്താവ് അവയിലെല്ലാം ഉന്നതനാണ്. വിശ്വാസികളുടെ ജീവിതത്തിൽ നിന്നും വരുന്ന പ്രതിഫലനങ്ങളാണ് അവയെല്ലാം.

നമുക്ക് ശരിയായ ഉപദേശസംഹിതയുണ്ടായേയ്ക്കാം, നമ്മുടെ സ്വന്തം ജീവിതത്തിൽ വിജയങ്ങളുണ്ടായേയ്ക്കാം, കർത്താവുമായിട്ട് കൂട്ടായ്മയുടെ സന്തോഷമുണ്ടായേയ്ക്കാം. എന്നാൽ ആ ക്രിസ്തുവിനെ നമ്മുടെ ജീവിത ലക്ഷ്യങ്ങളുടെ യാഥാർത്ഥ്യം ആക്കുമ്പോൾ അഥവാ നമ്മുടെ ജീവിതമാക്കുമ്പോൾ, നമ്മുടെ എല്ലാം എല്ലാം ആക്കി മാറ്റുമ്പോൾ, നമ്മുടെ എല്ലാറ്റിനും എല്ലാം അവിടുന്ന് ആണ് എന്ന് ബോദ്ധ്യപ്പെട്ടു. ഒരു മതമല്ല, എന്നാൽ കർത്താവായ യേശുക്രിസ്തു നമ്മുടെ ജീവിതത്തിൽ സിംഹാസനമിട്ട് വാഴുകയാണ്. മഹത്വകരമായ ഒരു ജീവിതം, പ്രകാശിക്കുന്ന യാഥാർത്ഥ്യം, പൗലൊസിന്റെ ആഗ്രഹം ഫിലിപ്യ ലേഖനത്തിൽ താൻ വ്യക്തമാക്കുന്നത്, എന്റെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള “ പരിജ്ഞാനത്തിന്റെ ശ്രേഷ്ഠതനിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നെണ്ണുന്നു”. ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിങ്കലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്കു നല്കുന്ന നീതി തന്നെ ലഭിച്ചു അവനിൽ ഇരിക്കേണ്ടതിന് അവന്റെ മരണത്തോടു അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുദ്ധാനത്തിന്റെ ശക്തിയെയും അവന്റെ ക്ഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും തിരിച്ചറിയേണ്ടതിനും..” (ഫിലി. 3:8-10).

പ്രയിരേ, നാം വിശ്വാസത്താൽ ജീവിക്കുന്നത് കാൽവറി എന്ന സ്ഥലത്തെ നോക്കിയാണ് നിങ്ങളുടെ പാപങ്ങൾ നീങ്ങി നിങ്ങൾ കഴുകപ്പെട്ടിരിക്കുന്നത് അവിടുത്തെ പുണ്യാഹരക്തത്താലാണ്. നമ്മുടെ ഹൃദയവും നമ്മുടെ ജീവിതത്തെ തന്നെയും നാം സമർപ്പിച്ചിരിക്കുന്നത്, നമ്മെ സ്നേഹിച്ച് തന്നെത്താൻ നമുക്കുവേണ്ടി ഏല്പിച്ചു തന്ന, ഇപ്പോൾ പിതാവിന്റെ വലത്തു ഭാഗത്ത് നമുക്കു വേണ്ടി പക്ഷവാദം ചെയ്തു ജീവിക്കുന്ന നമ്മുടെ കർത്താവിനുവേണ്ടിയല്ലേ? (എബ്രാ. 7:25).

നമ്മുടെ ജീവിതം പൂർണ്ണമായും കർത്താവിന്റേത് ആയിത്തീരുവാൻ അവിടുന്ന് സഹായിക്കട്ടെ. ആ സമൃദ്ധിയായ ജീവൻ നമ്മിൽ നിന്നും മറ്റുള്ളവരിലേയ്ക്ക് ഒഴുകട്ടെ. മഹത്വത്തിന്റെ പ്രത്യാശയായവൻ നമ്മിൽ ജീവിക്കുന്നു. ഈ നാളുകളിൽ ഒന്നിൽ നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടും. അപ്പോൾ നാം അവനോടുകൂടെ മഹത്വത്തിൽ വെളിപ്പെടും. (കൊലൊ. 3:4). ❖

(2-ാംപേജിന്റെ തുടർച്ച)

വില്യം കേയ്റി ഇന്ത്യയിലെ മിഷനറി

ആദ്യം മുതൽ അവസാനം വരെ നന്നായി ചെയ്യുവാനുള്ള തീരുമാനം തന്റെ പ്രത്യേകതയായിരുന്നു.

കുട്ടിക്കാലം ഒരു സാഹസിക ജീവിതമായിരുന്നു. കൂട്ടുകെട്ടുകൾ തന്നെ മോശമായ നിലവാരത്തിലേക്കെത്തിച്ചു. തന്റെ സ്വന്തം വാക്കുകളിൽ അത് പറഞ്ഞിട്ടുണ്ട്. എന്റെ കൂട്ടുകാർ വഴിതെറ്റിക്കുന്ന സ്വഭാവക്കാരായിരുന്നു. അത് അധ:പതനത്തിന്റെ ആഴങ്ങളിലേയ്ക്ക് എന്നെ നയിച്ചു. ആണയിടുവാനും, കള്ളം പറയുവാനും, വ്യർത്ഥ സംസാരിത്തിനും ഞാൻ അടിമയായിത്തീർന്നു. എന്നെ നന്നാക്കാൻ എന്റെ പിതാവ് കർശനമായി നിയന്ത്രണങ്ങൾ വച്ചു, എന്നാൽ ഞാൻ എപ്പോഴും അതിൽ നിന്നും വഴുതിമാറിക്കൊണ്ടിരുന്നു.

ആത്മികകാര്യങ്ങളിലേയ്ക്കുള്ള വഴിത്തിരിവ്

ഗ്രാമത്തിലെ സൗജന്യ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തുടർവിദ്യാഭ്യാസത്തിന് അയയ്ക്കുവാൻ വില്യത്തിന്റെ മാതാപിതാക്കൾക്ക് കഴിഞ്ഞില്ല. അതുകൊണ്ട് തന്റെ 16-ാമത്തെ വയസ്സിൽ ചെരുപ്പുകൾ ഉണ്ടാക്കുന്ന സ്ഥലത്ത് സഹായിയായി തന്നെ പറഞ്ഞയച്ചു. അവിടെയുള്ള മറ്റൊരു സഹായിയായ ചെറുപ്പക്കാരൻ ഒരു പ്രൊട്ടസ്റ്റാന്റ് വിശ്വാസിയുടെ മകൻ ആയിരുന്നു. അവർ ഒരുമിച്ചു ജോലിചെയ്യുന്നു എന്ന നിലയിൽ

(ശേഷം 7-ാംപേജിൽ)

(3-ാം പേജിന്റെ തുടർച്ച)

മാനസാന്തരത്തിനുവേണ്ടിയുള്ള അടിയന്തിര സന്ദേശങ്ങൾ

ക്കപ്പെടുന്നത് തന്റെ ആദ്യ സ്നേഹത്തിന്റെ നഷ്ടത്തെ സംബന്ധിച്ചാണ്. സഭയുടെ അടിസ്ഥാന പ്രമാണങ്ങളെ സംബന്ധിച്ചും ഉപദേശങ്ങളെ സംബന്ധിച്ചുമെല്ലാം ഉള്ള കൃത്യതകൾ സംബന്ധിച്ചുള്ള അഹങ്കാരം അവർക്കുണ്ട്. എന്നാൽ സ്നേഹത്തിലും അതിന്റെ പ്രദർശനത്തിലും അവർ കുറവുള്ളവരാണ്. അത് വളരെ ദു:ഖകരമായ വീഴ്ചയാണ്, ആത്മീകമായി വളരെ പുകഴുവാനുണ്ട്. പക്ഷേ സ്നേഹക്കുറവ് അവയെല്ലാം ഇല്ലാതെയാക്കുന്നു. പ്രമാണങ്ങളെല്ലാം വിശ്വസിക്കുകയും ആചാരങ്ങളെല്ലാം മുറപോലെ നടക്കയും ധ്യാനവും പ്രാർത്ഥനയുമെല്ലാം കുറ്റമറ്റതാണ്. ക്രിസ്തു പഠിപ്പിച്ച സഹോദരസ്നേഹത്തിൽ കുറവുള്ളവരായിത്തീരുമ്പോൾ എല്ലാറ്റിലും കുറവുള്ളവരായിട്ടാണ് ആത്മാവ് പരിഗണിക്കുന്നത്. അതുകൊണ്ട് ഈ പ്രബോധനം ശ്രദ്ധിക്കാം. “ നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നോർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവർത്തി ചെയ്യുക; അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാതിരുന്നാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും ” (വെളി. 2:5). എത്ര ഗൗരവമേറിയ കാര്യമാണിത്. ഒരു വ്യക്തി ഒരു വിശ്വാസിയായിരുന്നിട്ട് അവൻ തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ ഒരു പക്ഷേ ചോദ്യം ചെയ്യപ്പെടാറില്ലായിരിക്കാം, എന്നാൽ ഒരു സഭ ഒരു കാലത്ത് കർത്താവിനുവേണ്ടി ശക്തമായ സാക്ഷ്യം വഹിച്ചിട്ട് ആ സാക്ഷ്യം നഷ്ടപ്പെടുത്തിയാൽ അത് എത്ര അപകടകരമാണ്.

സുവിശേഷത്തിന്റെ വെളിച്ചം ജ്വലിച്ച് പ്രകാശിക്കുവാൻ ഉപദേശത്തിന്റെ കൃത്യതമാത്രം പോരാ. പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ ദൈവം തന്റെ സ്നേഹം പകർന്നു തന്നു. ആളുകളെ അതുകൊണ്ട് കർത്താവ് മാനസാന്തരത്തിനായി വിളിക്കുന്നു.

പാപത്തെ പ്രോത്സാഹിപ്പിക്കുന്നത്

പെർഗ്മൊസ് സഭയുടെ നിലവാരം വളരെ മോശപ്പെട്ടതാണ്. ദുഷ്ടത പ്രോത്സാഹിപ്പിക്കപ്പെടുന്നു, സഭ മലിനപ്പെട്ടിരിക്കുന്നു. വീണ്ടും മാനസാന്തരത്തിനുള്ള വിളി വരുന്നു. ഈ വാക്കുകൾ ശ്രദ്ധിക്കുക. “ ആകയാൽ മാനസാന്തരപ്പെടുക; അല്ലാതിരുന്നാൽ ഞാൻ വേഗത്തിൽ വന്ന് എന്റെ വായിലെ വാളു കൊണ്ട് അവരോടു പോരാടും ” (വെളി. 2:16). എത്ര ഗൗരവമേറിയ മാറ്റം! അനുതപിക്കുക, അല്ലെങ്കിൽ ഞാൻ നിന്നോടു പോരാടും! എണ്ണപ്പെട്ട ദൈവജനത്തിന്റെ അനീതിയുള്ള ദുഷ്ടതകളെ പ്രോത്സാഹിപ്പിക്കുവാൻ ദൈവത്തിന് സാദ്ധ്യമല്ല. തന്റെ നാമം തന്റെ ജനത്തിന്റെയിടയിൽ വിശുദ്ധീകരിക്കപ്പെടണം. കൃപയുടെ സുവിശേഷത്തെ സംബന്ധിച്ച് ആത്മപ്രശംസ ചെയ്യുന്നത് ദൈവത്തിന് വെറുപ്പാണ്. തന്റെ വായിലെ വാൾ ദൈവവചനമാണ്. ദൈവവചനത്തിനും ദൈവശക്തിക്കും നിരക്കാത്ത ഏതു നടപടിയോടും ദൈവം എതിർത്തു നിൽക്കുന്നു.

ഇതിനെക്കാൾ കൂടുതലായ ഒരു ദൂത് ഈ കാലഘട്ടത്തിനാവശ്യം ഉണ്ടോ? പല സ്ഥലങ്ങളിലും സഭ സാത്താന്റെ സിംഹാസനത്തിനുമീതെ സുരക്ഷിതമായിരിക്കുകയല്ലേ? വേർപാടിനെക്കുറിച്ച് ചിന്തിക്കുന്നതേയില്ല. നിശ്ചയമായും നമുക്കെല്ലാവർക്കും മാനാസന്തരത്തിനായുള്ള വിളി അത്യാവശ്യമായിരിക്കുന്നു.

ഏറ്റവും മോശമായ അധാർമ്മികത

തുയഥൈരാ സഭയിലേക്ക് ശ്രദ്ധ തിരിക്കാം. നാശകരമായ ദുഷ്ടത കൊണ്ട് നിറഞ്ഞിരിക്കുന്നു, ദൈവസഭ എന്ന് അംഗീകരിക്കുവാൻ പോലും കഴിയില്ല. എങ്കിലും കർത്താവ് അതിനെ അങ്ങനെ വിളിക്കുന്നു. അതു കർത്താവിന്റെ നാമം വഹിക്കുന്നു. ലോകത്തിൽ കർത്താവിനെ പ്രതിനിധീകരിക്കുവാൻ വിളിക്കപ്പെട്ട സഭ. ക്ഷമിക്കപ്പെട്ട പാപങ്ങൾ പിന്നെയും വച്ചുകൊണ്ടിരിക്കുക എന്നത് സാധാരണ നിലവാരത്തെക്കാൾ താഴ്ന്ന അവസ്ഥയത്രേ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരിക്കൽ ഈ സഭ സ്നേഹവും പ്രാർത്ഥനയും എല്ലാ സാധാരണയെക്കാൾ ഉയർന്ന നിലവാരത്തിൽ അനുഭവമാക്കിയിരുന്നു, എന്നാൽ ഇപ്പോഴും ഒരു ചുരുങ്ങിയ ശേഷിപ്പ് വിശ്വസ്തരായി അവിടെയുണ്ട്. അവർ ഈ വീഴ്ചയെ സംബന്ധിച്ച് ദു:ഖിച്ച് കരയുന്നുണ്ട്. ഉപ്പു വസ്തുക്കളെ സംരക്ഷിക്കുന്നതുപോലെ ഇവരാണ് ഈ സഭയുടെ സംരക്ഷണം.

ഇതുപോലെ ധാരാളം സഭകൾ നമ്മുടെ കാലത്ത് ഇല്ലേ? ഹീനമായ ദുഷ്ടതകൾ വച്ചു പുലർത്തുന്ന സഭകളല്ലേ പലതും, ശുദ്ധീകരണത്തിനുള്ള ചെറിയ ശ്രമം പോലും നടക്കുന്നതുമില്ല. പണവും സ്വാധീനവുമുള്ളവരാണ് സഭയുടെ ഭരണകർത്താക്കൾ, ആർക്കും അവരോട് എതിർക്കുവാനും സാദ്ധ്യമല്ല. എന്നാൽ ശരിയായ ചികിത്സ ഇതിനാവശ്യമാണ്. ദൈവത്തിന്റെ ശബ്ദം ഇപ്പോഴും അവരെ മാനസാന്തരത്തിനു വിളിക്കുന്നു. അശുദ്ധമായതും ഹീനവുമായ നടപടികൾക്കെതിരെ ഒരു വ്യത്യസ്ത മനോഭാവം ഉണ്ടാകുന്നതുവരെ ഒരു അനുഗ്രഹവും പ്രാപിപ്പാൻ സാദ്ധ്യമല്ല.

തുറന്ന അധാർമ്മികതകളാണ് തുയഥൈര സഭയിൽ കാണുന്നത്. ഏറ്റവും ഹീനമായ പാപം. ലഹരികൂത്തിൽ ആടുന്ന ജാതികളുടെ ആരാധനയുടെ സ്വഭാവം, ഭക്തി നടിക്കുന്ന അനുഭവം. ദുഷ്ടസ്ത്രീയായ ഈസബെൽ, യഹോവയുടെ ആരാധനയോടുകൂടെ ഹീനമായ വിഗ്രഹാരാധനയും സകല ദുഷ്ടതയും കൂട്ടിച്ചേർത്തു. (1രാജാ. 16:30-33). അങ്ങനെ പാപവും അധർമ്മവും ക്രിസ്തുവിന്റെ വിശുദ്ധനാമത്തോട് കൂട്ടിച്ചേർത്തു.

ഈ ദുഷ്ടതയെ പിൻതാങ്ങുന്ന ഒരു വലിയ കൂട്ടം ആളുകൾ, കരുതിക്കൂട്ടിയുള്ള പ്രവർത്തികൾ, കർത്താവു സംസാരിക്കുന്നത്, മാനസാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും ദുർന്നടപ്പു വിട്ട് മാനാസന്തരപ്പെടുവാൻ അവൾക്ക് മനസ്സില്ല. ഞാൻ അവളെ കിടപ്പിലും അവളുമായി വ്യഭിചരിക്കുന്നവരെ അവളുടെ നടപ്പുവിട്ടു മാനസാന്തരപ്പെടാഞ്ഞാൽ വലിയ കഷ്ടതയിലും ആക്കിക്കളയും ” (വെളി. 2:21,22). തുയഥൈര സഭയോടുള്ള ഒടുവിലത്തെ ദൂതുകൾ പ്രത്യാശ ഉളവാക്കുന്നവയാണ്. ദൈവം അവരെ തീർത്തും ഉപേക്ഷിക്കുന്നില്ല. മാനാസന്തരപ്പെടുന്നവർക്കു വേണ്ടി

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

മാനസാന്തരത്തിനുവേണ്ടിയുള്ള അടിയന്തിര സന്ദേശങ്ങൾ

അനുഗ്രഹവും ഉദ്ധാരണവും വാഗ്ദത്തം ചെയ്യുന്നു. എത്ര അത്ഭുതകരമാണ് ദൈവത്തിന്റെ ദീർഘക്ഷമയും മഹാമനസ്കതയും. ഇന്ന്, സഭകൾ ദൈവത്തിന്റെ ശബ്ദത്തിന് ചെവികൊടുക്കുന്നു എങ്കിൽ, മാനസാന്തരപ്പെടുന്നു എ ങ്കിൽ ദൈവ വചനത്തിന്റെ വെളിച്ചത്തിൽ വിശ്വസ്തയോടെ കാര്യങ്ങളെ നേരിടുന്നു എങ്കിൽ നിശ്ചയമായും ദൈവം ഉണർവ്വു അയയ്ക്കും. ഒരു പുതുക്കം ഉണ്ടാകും. ഒരിക്കൽ ശക്തി നഷ്ടപ്പെട്ട കൂട്ടങ്ങൾ ലോകത്തിൽ ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷികളായിതീരും.

ദൈവിക ജീവന്റെ നഷ്ടം.

സർദ്ദിസ് സഭയുടെ അവസ്ഥ വളരെ വ്യത്യസ്തമാണ്. പുറമേ നോക്കിയാൽ എല്ലാം നന്നായിരിക്കുന്നു. എല്ലാ വിധമായ ഹീന പ്രവൃത്തികളെയും പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ എല്ലാം തണുത്തതും പേരിനുമാത്രം. ഇത് ആത്മിക മരണത്തെ പ്രോത്സാഹിപ്പിക്കുകയാണ്. ഒരിക്കൽ പ്രാർത്ഥനയിലും വചന ധ്യാനത്തിലൂമൊക്കെ കത്തിജ്വലിച്ചു. അവർക്കുള്ള പ്രബോധനം ഇങ്ങനെയാണ്, “ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തത് എങ്ങനെയെന്നോർത്ത് അത് കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്യുക. നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും; ഏതു നാഴികയ്ക്ക് നിന്റെമേൽ വരും എന്ന് നീ അറികയും ഇല്ല (വെള. 3:3).

ചിലർ ചിന്തിക്കുന്നത് മിക്ക സഭകളും സ്ഥാപിക്കപ്പെട്ടത് ചില ഉണർവിൻ കാല ഘട്ടങ്ങളിൽ, സത്യത്തിന്റെ വെളിച്ചം പ്രകാശിച്ചു നിന്ന സമയങ്ങളിൽ ആളുകൾക്ക് പ്രത്യേക സന്തോഷവും എരിവും ഉണ്ടായിട്ട് ആണ് എന്നാണ്. നഷ്ടപ്പെട്ടവരെ സുവിശേഷീകരിക്കുന്നതും വിശ്വാസികളെ ഒരുക്കുന്നതും ആത്മ നിവറവിൻ ശുശ്രൂഷയുടെ സ്വഭാവമാണ്, മൈലുകൾ ചുറ്റളവിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പടി പടിയായി ഇവയെല്ലാം വ്യത്യാസപ്പെട്ടു പോയിട്ടുണ്ട്. ജീവിക്കുന്ന ദൈവ ശക്തിക്കു പകരം വേഷ ഭക്തി പ്രകടമാകാറുണ്ട്. പഴയ കാല ആത്മാവിന്റെ പ്രസംഗങ്ങൾക്ക് പകരം പഠിച്ച് പ്രസംഗിക്കുന്ന പാണ്ഡിത്യത്തിന്റെ പ്രസംഗങ്ങൾ. ആത്മാക്കൾക്കു വേണ്ടിയുള്ള ദാഹത്തിനുപകരം സ്വന്തം സുഖ സൗകര്യങ്ങൾക്ക് മുൻ തൂക്കം കൊടുക്കുന്ന ശുശ്രൂഷകൾ.

അതെ പഴയ ആത്മീക തീഷ്ണതയോടുള്ള സുവിശേഷ പ്രവർത്തനങ്ങൾ, ദൈവത്തിങ്കലേയ്ക്ക് ആളുകൾ തിരിയുന്ന വലിയ ദൈവപ്രവൃത്തിക്കു കാരണമാവും. അങ്ങനെയുള്ള ഒരു മാനാസന്തരം, ഒഴിഞ്ഞു കിടക്കുന്ന പ്രാർത്ഥനാ റുമുകൾ ആളുകളെ കൊണ്ട് നിറഞ്ഞിട്ട്, സഭകളിൽ ആളുകൾ കൂടിവന്ന് മുഴങ്കാലിന്മേൽ നിന്ന്, ദൈവം സ്വർഗ്ഗത്തിന്റെ കിളിവാതിലുകളെ തുറന്ന് ദൈവിക ജീവൻ മഴപോലെ, പകർന്ന്, ചാവാറായ ശേഷിപ്പുകളെ ശക്തീകരിച്ച് പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തി ലോകത്തിലേയ്ക്കയച്ച് ദൈവത്തിന്റെ ആ വലിയ പ്രവർത്തി കാണുവാൻ ദൈവം വീണ്ടും കൃപ ചെയ്യും. അങ്ങനെയൊരു ഉണർവ്വാണ് നമുക്കാവശ്യം അതു യഥാർത്ഥമായൊരു മാനസാന്തരത്തിലൂടെയേ സാദ്ധ്യമാകൂ.

ആത്മിക അത്യുൽസാഹത്തിന്റെ കുറവ്

അടുത്തതായി, ശീതോഷ്ണവാനായ ലവോദിക്യ ശീതോഷ്ണവാസ്ഥ എന്നത് തണുപ്പിൽ നിന്നും ചൂടിലേയ്ക്കുള്ള ഒരു യാത്ര അല്ല പിന്നെയോ ചൂടിൽ നിന്നും തണുപ്പിലേയ്ക്കുള്ള പോക്ക് ആണ്. അതാണ് പലപ്പോഴും സംഭവിക്കുന്നത്. മാത്രമല്ല ഇത് വീഴ്ചയുടെ ഒരു സ്വഭാവമാണ്. നമ്മിൽ പലരും ആ സത്യത്തെ യാഥാർത്ഥ്യമാക്കുകയാണ്. ആരൊക്കെ തങ്ങളുടെ വീഴ്ചകളെ കണ്ടു പിടിച്ച് പ്രാർത്ഥനയുടെ ആവശ്യം കണ്ടുപിടിച്ച് ദൈവ വചനത്താൽ തങ്ങളുടെ ജീവിതത്തെ പോഷിപ്പിക്കുവാൻ താല്പര്യപ്പെടുന്നുവോ അവിടെ ആത്മീയ ജീവനും അത്യുത്സാഹവും വെളിപ്പെടുവാനിടയാകും. വ്യക്തിപരമായ ധ്യാനം എവിടെ കുറയുന്നു. അവിടെ ശീതോഷ്ണാവസ്ഥ ഉണ്ടാകും. സഭയിലെ ഓരോ വ്യക്തികളിലും അത് പ്രതിഫലിച്ചുകാണുന്നു. ഒരു ശാസനയും അവർക്ക് വിലപ്പോവില്ല. ഹോശയയുടെ കാലത്തെ യിസ്രായേലിനെപ്പോലെ പറയും, “അന്യജാതികൾ അവന്റെ ബലം തിന്നുകളഞ്ഞു എങ്കിലും അവർ അറിയുന്നില്ല; അവന് അവിടവിടെ നരെച്ചിരിക്കുന്നു എങ്കിലും അവൻ അറിയുന്നില്ല ” (ഹോശ. 7:9). ശിംശോനെപ്പോലെ ശക്തി അവർക്ക് നഷ്ടപ്പെട്ടു. എങ്കിലും അവർ അത് അറിയുന്നില്ല. ചില തോൽവികളും പ്രശ്നങ്ങളും ജീവിതത്തിൽ വരുന്നതിന് വളരെ മുമ്പ് തന്നെ അവരുടെ ഹൃദയത്തിൽ ദൈവത്തോട് ബഹുദൂരം അകന്നു കഴിഞ്ഞിരിക്കും. വളരെ ജാഗ്രത ആവശ്യമാണ്.

ദൈവത്തിൽ നിന്നും അന്യപ്പെട്ടു പോയ ഒരു വിശ്വാസി ഒരു സമയത്തേയ്ക്ക് സംതൃപ്തനായേക്കാം. എല്ലാം കൊണ്ടും സമ്പന്നനായിരുന്നേയ്ക്കാം ഒന്നിനെക്കുറിച്ചും വിചാരപ്പെടുന്നില്ല, ഞാൻ സമ്പന്നനായിരിക്കുന്നു എന്ന് അഭിമാനിക്കയും ചെയ്യുന്നു. ദൈവം അവന്റെ അവസ്ഥയെ മുഴുവനായി അറിയുന്നു. ദൈവം തന്റെ കൃപയിൽ അവന്റെ ഹൃദയത്തെ മടക്കിക്കൊണ്ടുവരുവാൻ പരിശോധനകളെ അയയ്ക്കുന്നു. “ എനിക്ക് പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു; ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക ” (വെളി. 3:19). പകുതി അളവ് ദൈവത്തിനില്ല. തെറ്റിപ്പോയ മനുഷ്യന് അവന്റെ മനസു പുതുക്കി ദൈവത്തിങ്കലേയ്ക്ക് അടുത്തു വരാം. അവൻ വാതിൽക്കൽ നിന്നു മുട്ടുന്നു, ഓർക്കുക, ഇത് സഭയുടെ വാതിൽക്കലാണ്, വ്യക്തിപരമായ കാര്യമല്ല, മടങ്ങി വരവിനും കൂട്ടായ്മയ്ക്കുമായി മുട്ടുകയും അന്വേഷിക്കയും ചെയ്യുന്നു. വാതിൽ മാനാസാന്തരത്താൽ മാത്രമേ തുറക്കപ്പെടുന്നുള്ളൂ, മറ്റൊരു വഴിയിലും അത് തുറക്കപ്പെടുകയില്ല. ഗർവ്വത്തോടോ അഹ്ങ്കാരത്തോടോ ആയിരിക്കുന്നിടത്തോളം കർത്താവ് വെളിയിലാണ്, അവിടുന്ന് സംസാരിക്കുന്നത്, “ എങ്കിലും അരിഷ്ടനും മനസുതകർന്നവനും എന്റെ വചനത്തിൽ വിറയ്ക്കുന്നതുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും”. (യെശ. 6:2). ദൈവത്തെ ഭയപ്പെടുകയും തന്നോടു പറ്റിച്ചേരുവാൻ ആഗ്രഹിക്കുന്ന

(ശേഷം 7-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

വില്യം കേയ്റി ഇന്ത്യയിലെ മിഷനറി

അവർ ആത്മിക കാര്യങ്ങളെക്കുറിച്ച് തർക്കിക്കുകയും വാദിക്കയും ചെയ്യുമായിരുന്നു. ഒരുവന്റെ മതത്തെ മറ്റൊരുവന്റെമേൽ അടിച്ചേൽപ്പിക്കുന്നത് പ്രയാസമാണ് എന്ന് അവർ തമ്മിൽ വാദിച്ചു.

ആ കാലത്ത് വില്യം കൂട്ടുകാരനോട് കൂടുതൽ വാദിക്കയും താൻ ജയിച്ചു എന്ന് അവകാശപ്പെടുകയും ചെയ്യുമായിരുന്നു. എന്നാൽ തന്റെ വഴി പിഴച്ച ജീവിതത്തെക്കുറിച്ച് താൻ അസ്വസ്ഥനായി. തന്റെ കൂട്ടുകാരന്റെ ആത്മിക ജീവിതത്തെ മനസിലാക്കിയിട്ട് കർത്താവിനായി ജീവിക്കാനുള്ള വാഞ്ച രഹസ്യമായി തന്റെ ജീവിതത്തിലും ഉണ്ടാക്കുവാൻ തുടങ്ങി.

കൂട്ടുകാരന്റെ വാക്കുകൾ തന്റെ ഹൃദയത്തെ ആഴമായി സ്പർശിച്ചു. തന്റെ കാഴ്ചപ്പാടുകൾ ഒരു മാറ്റത്തിന് വിധേയപ്പെടാൻ തുടങ്ങി. തന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കാൻ തുടങ്ങി. എല്ലാ ഞായറാഴ്ചകളിലും മൂന്നു പ്രാവശ്യം പള്ളിയിൽ പോകാൻ തുടങ്ങി. മാത്രമല്ല, വൈകുന്നേരത്തുള്ള പ്രൊട്ടസ്റ്റന്റ് പ്രാർത്ഥനായോഗങ്ങളിൽ സംബന്ധിക്കാൻ തുടങ്ങിയ ആണയിടുന്നതും, കള്ളം പറയുന്നതും മറ്റുള്ള പാപങ്ങളും ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. തനിയേയിരുന്ന് പ്രാർത്ഥിപ്പാൻ തുടങ്ങി. അധികം താമസിയാതെ വില്യം കേയ്റി മാനസാന്തരപ്പെട്ട് പ്രൊട്ടസ്റ്റന്റ് സഭയിലെ വിശ്വാസിയായി. യേശുക്രിസ്തുവിന്റെ ഭക്തനായി മാറി, വിശ്വസ്തയോടെ ദൈവവചനം പഠിക്കാൻ തുടങ്ങി.

ഉത്തരവാദിത്വങ്ങൾ വ്യത്യാസപ്പെടുന്നു

തന്റെ ജീവിത നിലവാരങ്ങൾക്ക് മാറ്റങ്ങൾ വന്നു. തന്റെ കടയുടമ മരിച്ചു എങ്കിലും തന്റെ ജോലിക്ക് മാറ്റം വന്നില്ല. തോമസ് ഓൾഡ് എന്ന മറ്റൊരു വ്യക്തിയുടെ കീഴിൽ സഞ്ചരിച്ച് ചെരിപ്പു പണിയുന്ന ജോലി ചെയ്യാൻ തുടങ്ങി. ഓൾഡിന്റെ സഹോദരിയുടെ പുത്രി ഡോറതിയെ വില്യം കേയ്റി വിവാഹം കഴിച്ചു. രണ്ട് വർഷത്തിനുശേഷം അദ്ദേഹം മരിച്ചപ്പോൾ പ്രയാസങ്ങളുടെ നടുവിലാണെങ്കിലും ബിസിനസ് തന്റെ സ്വന്തമായിത്തീർന്നു.

21-ാം വയസിൽ ചില മാറ്റങ്ങൾ പിന്നെയും തന്റെ ജീവിതത്തിലുണ്ടായി. താൻ കണ്ടുമുട്ടിയ ബാപ്റ്റിസ്റ്റ് സമൂഹം ഏൾസ് ബാർട്ടൺ എന്ന സ്ഥലത്തുള്ള ഒരു വീട്ടുയോഗത്തിൽ പ്രസംഗിക്കുവാനായി വില്യം കേയ്റി ക്ഷണിക്കപ്പെട്ടു. തന്റെ പ്രസംഗം അവർക്ക് ഇഷ്ടപ്പെട്ടതുകൊണ്ട്, അടുത്തുള്ള ഓരോ ആഴ്ചകളിലും പ്രസംഗിക്കുവാനായി അദ്ദേഹം നിയോഗിക്കപ്പെട്ടു. ആ ഞായറാഴ്ചകളിൽ ഹാക്ലെറ്റൻ -ൽ ഉള്ള തന്റെ വീട്ടിൽ നിന്നു ആറു കിലോമീറ്റർ നടന്ന് രാവിലെ പോയി പ്രസംഗിച്ചിട്ട് വൈകിട്ട് മടങ്ങിവരുമായിരുന്നു.

ആ കാലത്ത് വില്യം വളരെ ശ്രദ്ധയോടെ പ്രസംഗങ്ങൾ തയാറാക്കിയിരുന്നു. തന്റെ തയ്യാറെടുപ്പ് അലസമായത് ആയിരുന്നില്ല. തന്റെ സ്വന്തം പുസ്തകങ്ങൾ ഉപയോഗിച്ചും പുസ്തകങ്ങൾ കടമെടുത്തും പ്രസംഗത്തിന് തയ്യാറാക്കിയിരുന്നു. താൻ ചെരുപ്പുകടയിൽ സഹായിയായിരിക്കുമ്പോൾ തന്നെ ഗ്രീക്കു ഭാഷ പഠിച്ചിരുന്നു. പിന്നെ പഴയനിയമം കൂടുതൽ പഠിക്കുവാൻ വേണ്ടി എബ്രായ ഭാഷ പഠിച്ചു. ലാറ്റിൻ ഗ്രീക്ക്, എബ്രായ ഭാഷകൾ പഠിച്ചശേഷം ഇറ്റാലിയൻ, ഡച്ച് ഫ്രഞ്ച് ഭാഷകൾ പഠിക്കുവാനായി തുടങ്ങി.

ഒരു കഠിനാദ്ധ്വാനി

ഭാഷാ പഠനത്തോടുള്ള ബന്ധത്തിൽ ഒരു പ്രത്യേക കഴിവായിരുന്നു വില്യത്തിനുണ്ടായിരുന്നത്. പ്രതികൂല സാഹചര്യങ്ങളിലും തന്റെ കഴിവുകളെ വികസിപ്പിക്കുവാനും പ്രയോജനപ്പെടുത്തുവാനും താൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കർത്താവിന്റെ വേല ചെയ്യുവാൻ താൻ നിർബന്ധിക്കപ്പെട്ടിരുന്നു. ശക്തമായി അപ്പോൾ തന്നെ പ്രയോജന പ്രദമായ സുവിശേഷ പ്രസംഗകനാകുവാൻ അദ്ദേഹം ആഗ്രഹിച്ചു. അതിനേക്കാൾ ശ്രേഷ്ഠമായി മറ്റൊന്നും ഇല്ല എന്ന് താൻ മനസിലാക്കി. തന്റെ ജോലിക്ക് ഇരിക്കുമ്പോൾ ഒരു പുസ്തകവും കൂടെ താൻ കരുതിയിരുന്നു. പണിത ചെരുപ്പുകളുമായി സമീപ പട്ടണങ്ങളിലേയ്ക്കു പോകുമ്പോഴും പഠനകാര്യത്തിൽ താൻ അതീവ ശ്രദ്ധ പുലർത്തിയിരുന്നു. തന്റെ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും എല്ലാ മണ്ഡലങ്ങളിലും ഒരു കഠിനാദ്ധ്വാനിയെയാണ് നമുക്ക് കാണാൻ കഴിയുന്നത്. തന്റെ വാർദ്ധക്യത്തിൽ തന്റെ സഹോദരീ പുത്രനോട് ഇങ്ങനെ പറഞ്ഞു. എന്റെ മരണശേഷം ആരെങ്കിലും എന്റെ ജീവിതത്തെക്കുറിച്ച് എഴുതുവാൻ ആഗ്രഹിച്ചാൽ, ഞാൻ ഒരു ദൗത്യം നിന്നെ ഭരമേല്പിക്കുന്നത്, നീ അതിനെ പരിശോധിക്കണം. തിരുത്തലുകൾ വേണ്ടി വന്നാൽ ചെയ്യണം. എന്റെ കഠിനാദ്ധ്വാനത്തെ സംബന്ധിച്ച് ആരെങ്കിലും പുകഴ്ത്തിയാൽ അത് എനിക്ക് നീതിയാണ്. അത് അല്പം കൂടിയപ്പോയാലും സാരമില്ല. ഞാൻ കഠിനാദ്ധ്വാനിയാണ്. വ്യക്തമായ ലക്ഷ്യത്തിനു വേണ്ടി ഞാൻ കഠിനമായി അദ്ധ്വാനിക്കുന്നു. എല്ലാറ്റിനും ഞാൻ കടപ്പെട്ടിരിക്കുന്നു. ആ ശ്രേഷ്ഠമേറിയ വാക്കുകൾ, ഞാൻ കഠിനാദ്ധ്വാനി, അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മുഖമുദ്രയാണ്. ആ തന്റെ മുഖമുദ്ര കർത്താവിന്റെ കരങ്ങളിൽ താൻ അർപ്പിച്ചു. തന്റെ കുടുംബത്തിന്റെ ക്ഷേമത്തിനായി ചെരുപ്പു പണിയോടുകൂടെ തന്നെ തന്റെ ഗ്രാമത്തിലെ സ്കൂളിൽ അദ്ധ്യാപനവൃത്തി കൂടെ താൻ ചെയ്തുപോന്നു. ഏൾസ് ബാർട്ടണിൽ ഉള്ള തന്റെ പ്രസംഗവും തുടർന്നു വന്നു. മാത്രമല്ല, താൻ പാർത്തിരുന്ന സ്വന്ത പട്ടണമായ പോൾസ് പ്യൂണിയിൽ മാസത്തിലൊരിക്കൽ പ്രസംഗിക്കാനായി താൻ വിളിക്കപ്പെട്ടിരുന്നു. 1787 -ൽ ബാപ്റ്റിസ്റ്റ് സഭയിലെ ഒരു ശുശ്രൂഷകനായി വില്യം കെയ്റി നിയമിതനായി.

(തുടരും)

❖

(6-ാംപേജിന്റെ തുടർച്ച)

മാനസാന്തരത്തിനുവേണ്ടിയുള്ള അടിയന്തിര സന്ദേശങ്ങൾ

വനെ ഒക്കെയും കർത്താവ് ചേർത്തുകൊള്ളും, അഹങ്കാരിയെ അവിടുന്ന് ദൂരത്തു നിന്ന് അറിയുന്നു. കർത്താവ് തന്റെ ശിഷ്യന്മാരെ തൊട്ട് സംസാരിക്കുന്നത്, “ യേശു അവനോട് എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും. എന്റെ പിതാവ് അവനെ സ്നേഹിക്കും ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസം ചെയ്യും ” (യോഹ. 14:23). രണ്ടാം വാക്യത്തിലെ കൊട്ടാരം എന്നർത്ഥം വരുന്ന പ്രയോഗമാണ് ഇവിടെയും കാണുന്നത്. നമുക്ക് പാർക്കു

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

മാനസാന്തരത്തിനുവേണ്ടിയുള്ള അടിയന്തിര സന്ദേശങ്ങൾ

വാൻ ഒരു വാസസ്ഥലം ഒരുക്കുവാൻ നമ്മുടെ കർത്താവ് പോയി. നാം മരുഭൂമിയിൽ പാർക്കുമ്പോൾ തന്നെ നമുക്കു പാർക്കുവാൻ ഒരു വാസസ്ഥലത്തെക്കുറിച്ച് കർത്താവ് ചിന്തിക്കുന്നു.

എന്നാൽ ഇപ്പോൾ അവിടുന്ന് വാതിലിന് പുറത്തായിരിക്കുന്നു. ഉത്തമഗീതത്തിൽ നാം കാണുന്നത്, “ഞാൻ ഉറങ്ങുന്നു എങ്കിലും എന്റെ ഹൃദയം ഉണർന്നിരിക്കുന്നു; വാതിൽക്കൽ നിന്നു മുട്ടുന്ന എന്റെ പ്രിയന്റെ സ്വരം; എന്റെ സഹോദരീ, എന്റെ പ്രീയേ, എന്റെ പ്രാവേ, എന്റെ നിഷ്കളങ്കേ, തുറക്കുക, എന്റെ ശിരസ്സു മഞ്ഞുകൊണ്ടും, കുറുനിരകൾ രാത്രിയിൽ പെയ്യുന്ന തുള്ളി കൊണ്ടും നനഞ്ഞിരിക്കുന്നു ” (ഉത്തമ. 5:2). എന്നാൽ നാം പല ഒഴികഴിവുകൾ പറഞ്ഞ് വാതിൽ അടച്ചിരിക്കുന്നു.

ആകയാൽ ജാഗ്രതയുള്ളവനായിരിക്ക, മാനസാന്തരപ്പെട്ട് നാം അറിയുന്നതിനെക്കാൾ കാര്യങ്ങൾ മോശമാണ്. മടിയും നിദ്രാലുത്വവും നമ്മുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നു. നാം ഇപ്പോഴും ശീതോഷ്ണാവസ്ഥയിലാണ്. ഇപ്പോഴെങ്കിലും മാനസാന്തരപ്പെടുക. അല്ലാഞ്ഞാൽ സമയം വൈകിയിരിക്കുന്നു. തുയഥൈരക്കാരോടു പറഞ്ഞതുപോലെ നമ്മോടും പറയും, ഞാൻ അവൾക്ക് മാനസാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും ദുർന്നടപ്പു വിട്ടു മാനാസന്തരപ്പെടുവാൻ അവൾക്ക് മനസില്ല (വെളി. 2:21).

ഹൃദയങ്ങൾ ജ്വലിക്കുന്നു.

മാനസാന്തരമുള്ള ഒരു സഭ, ആത്മാവിൽ കത്തിജ്വലിക്കുന്ന ഒരു കൂട്ടം, ദൈവത്തിന് എത്ര ബഹുമാനമാണ്? ക്രിസ്തുവിൽ കത്തിജ്വലിക്കയും ആത്മാക്കളെ നേടുവാനുള്ള എ രിവും ഉള്ള ഒരു കൂട്ടത്തിൽ നിന്നും ഒരുവനെ വേർപെടുത്തിയെടുക്കുവാൻ ആർക്കാണു കഴിയുക.

ശീതോഷ്ണവാനായ സഭ ഒരു ശക്തിയില്ലാത്ത സഭയാണ്. അവർക്ക് ഒരു രക്ഷിക്കപ്പെടാത്തവനെ കർത്താവിന്റെ സാക്ഷ്യത്തിലേയ്ക്ക് കൊണ്ടുവരുവാൻ സാദ്ധ്യമല്ല. എന്നാൽ ദൈവസ്നേഹത്തിൽ ക്രിസ്തുവിനുവേണ്ടി പ്രകാശിക്കുന്ന ഒരു സഭ അത് രക്ഷിക്കപ്പെടാത്തവരുമേൽ ഉണ്ടാക്കുന്ന സ്വാധീനം, ആർക്കും അതിനുഷേധിക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല. സഭകൾ മാനാസന്തരപ്പെട്ട് ദൈവത്തോട് നല്ല മനസാക്ഷിവച്ചു പുലർത്തുമ്പോൾ മാനസാന്തരപ്പെട്ട് യാഗപീഠത്തോടടുക്കുന്ന വലിയ കൂട്ടങ്ങളെ നമുക്കു പ്രതീക്ഷിക്കാം. ❖

(3-ാംപേജിന്റെ തുടർച്ച)

ദൈവത്തിന്റെ വിശ്വസ്തത

തീർത്ഥാടകൻ, ഇവിടെ ദൈവകൃപ അന്വേഷിക്കുന്നു, “നിങ്ങളിൽ യഹോവയെ ഭയപ്പെടുകയും അവന്റെ ദാസന്റെ വാക്കു കേട്ടനുസരിക്കയും ചെയ്യുന്നവൻ ആർ? തനിക്ക് പ്രകാശം ഇല്ലാതെ അന്ധകാരത്തിൽ നടന്നാലും അവർ യഹോവയുടെ നാമത്തിൽ ആശ്രയിച്ച് തന്റെ ദൈവത്തിന്മേൽ ചാരിക്കൊള്ളട്ടെ ” (യെശ. 50:10)

നിങ്ങൾ പരീക്ഷിക്കപ്പെട്ട് ദൈവത്തിന്റെ വിശ്വസ്തതയെ സംശിയ്ക്കുന്ന സാഹചര്യമുണ്ടായാൽ, സാത്താനെ ശാസിക്കണം. ചിലപ്പോൾ ദൈവത്തിന്റെ വാഗ്ദത്തപ്രകാരമുള്ള മാർമ്മികമായ ഇടപെടലുകളെ പെട്ടെന്ന് നമുക്ക് തിരിച്ചറിയാൻ കഴിഞ്ഞെന്നു വരില്ല. ദൈവപ്രവർത്തിയുടെ പ്രകാശനത്തിനായി നാം കാത്തിരിക്കണം. ദൈവം തനിക്ക് ഇഷ്ടവും നമുക്ക് ഉചിതവുമായ സമയത്ത് തന്റെ പ്രവൃത്തി പ്രകാശിപ്പിക്കും. യേശു അവനോട് “ ഞാൻ ചെയ്യുന്നത് നീ ഇപ്പോൾ അറിയുന്നില്ല; പിന്നെ അറിയും എന്ന് ഉത്തരം പറഞ്ഞു” (യോഹ. 13:7). തുടർന്ന് നമുക്കു ലഭിക്കുന്ന പ്രവർത്തി, ദൈവം തന്റെ മക്കളെ കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല എന്നതിന്റെ തെളിവായിരിക്കും. “അതുകൊണ്ട് യഹോവ നിങ്ങളോട് കൃപ കാണിപ്പാൻ താമസിക്കുന്നു; അതുകൊണ്ട് അവൻ നിങ്ങളോട് കരുണകാണിക്കാതവണ്ണം ഉയർന്നിരിക്കുന്നു; യഹോവ ന്യായപ്രമാണത്തിന്റെ ദൈവമല്ലോ; അവനായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ ” (യെശ. 30:18).

ദൈവം വരുന്നു

ദൈവിക വാഗ്ദത്തങ്ങളുടെ ഈ അനുഗ്രഹിക്കപ്പെട്ട ചിന്ത നമ്മുടെ എല്ലാ ഭാരങ്ങളിൽ നിന്നും നമ്മെ വിടുവിച്ചുകാക്കുന്നു. സൂക്ഷ്മതയോടെ ആയിരിക്കുക, സാഹചര്യങ്ങളെ വിലയിരുത്തുക. വരാൻ പോകുന്ന സംഭവങ്ങളെ സംബന്ധിച്ച് ബോധവാന്മാരായിരിക്ക. കഴിഞ്ഞ കാലങ്ങളിൽ അത്ഭുതകരമായി നടത്തിയ ദൈവം വാർദ്ധക്യ കാലത്തും കൈവിടുകയില്ല. കഴിഞ്ഞ കാലങ്ങളിൽ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകി നിങ്ങളെ നടത്തിയ ദൈവം ഇന്നത്തെ നിങ്ങളുടെ അത്യാവശ്യഘട്ടങ്ങളിലും മതിയായവനാണ്. ആറു കഷ്ടത്തിൽ നിന്നും അവൻ നിന്നെ വിടുവിക്കും ഏഴാമത്തേതിലും തിന്മ നിന്നെ തൊടുകയില്ല. (ഇയ്യോ. 5:19).

ഈ അനുഗ്രഹിക്കപ്പെട്ട വചനം നമ്മുടെ പിറുപിറുപ്പുകളെ പരിശോധിക്കും. നമുക്ക് ഓരോരുത്തർക്കും ആവശ്യമുള്ളത് എന്ത് എന്ന് നമ്മുടെ കർത്താവ് അറിയുന്നുയ ദൈവവചനത്തിലുള്ള നമ്മുടെ ആശ്രയം പരാതികളെ ഇല്ലാതാക്കുന്നു. കഷ്ടങ്ങളിലും പരിശോധനകളിലും നമ്മെ സഹായിക്കുന്നു ദൈവത്തെക്കുറിച്ച് നമുക്ക് ശരിയായ ബോധമുണ്ട്, അവിടുത്തെ നീതിയെയും ജ്ഞാനത്തെയും നാം അറിയുന്നു, അവിടുത്തെ ശാസനയിലും അവിടുത്തെ സ്നേഹത്തെ നാം തിരിച്ചറിയുന്നു.

ദൈവിക സത്യങ്ങളെക്കുറിച്ചുള്ള ഈ അറിവ് ദൈവത്തിലുള്ള നമ്മുടെ ധൈര്യം വർദ്ധിപ്പിക്കുന്നു. അതുകൊണ്ട് ദൈവേഷ്ടപ്രകാരം കഷ്ടം സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ട് തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സൃഷ്ടാവിങ്കൽ ഭരമേല്പിക്കട്ടെ (1പത്രൊ. 4:19). നാം നമ്മെത്തന്നെ ത്യജിച്ച് ദൈവത്തിൽ ആശ്രയിക്കുമ്പോൾ നമ്മുടെ ആവശ്യങ്ങളും ചിന്തകളും ദൈവത്തിൽ അർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ, ദൈവത്തിന്റെ സ്നേഹത്തിലും പൂർണ്ണമായി നടത്തപ്പെടുമ്പോൾ ദൈവത്തിന്റെ കരുതലിനാൽ നാം ആശ്വാസവും സംതൃപ്തിയും പ്രാപിക്കുമ്പോൾ നാം തിരിച്ചറിയും, അവൻ സകലവും നന്നായി ചെയ്തു (മർക്കൊ. 7: 37). ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975